ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പെൺകുട്ടികൾ രാജ്യവികസനത്തിന്റെ അവിഭാജ്യ ഘടകമാണെന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വനിതകൾക്കായി സുരക്ഷിത അന്തരീക്ഷം സൃഷ്ടിക്കണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു.

**All educational institutions should create safe environment for girls, says President Draupadi Murmu.**

2) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണൈ, സിംഗപ്പൂർ സന്ദർശനത്തിന് തുടക്കമായി. ഇരു രാജ്യങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi embarks on a three-day visit to Brunei and Singapore; Expresses confidence that his visit will further strengthen partnership with the two countries.**

3) 23-ാ മത് നിയമ കമ്മീഷൻ രൂപീകരിച്ച് കേന്ദ്ര സർക്കാർ.

**Centre notifies constitution of 23rd Law Commission.**

4) തെലങ്കാനയിലും, ആന്ധ്രാപ്രദേശിലും വെള്ളപ്പൊക്കത്തെ തുടർന്ന് ജനജീവിതം ദുരിതത്തിൽ. മഹാരാഷ്ട്രയിൽ മഴക്കെടുതി രൂക്ഷം.

**Flood situation continues in various districts of Telangana and Andhra Pradesh. Rain havoc affected many people in Marathwada region of Maharashtra.**

5) **പാരിസ് പാരാലിമ്പിക്ക് ബാഡ്മിൻറണിൽ ഇന്ത്യയുടെ നിത്യ ശ്രീ ശിവന് വെങ്കലം.**

**India's Nitya Sre Sivan won bronze in Women's singles Badminton at Paris Paralympics**

*********************************************

## PUNE-PRESIDENT - (INTRO)

പെൺകുട്ടികൾ രാജ്യവികസനത്തിന്റെ അവിഭാജ്യ ഘടകമാണെന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വനിതകൾക്കായി സുരക്ഷിത അന്തരീക്ഷം സൃഷ്ടിക്കണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു. പൂനെയിലെ സിംബയോസിസ് കൽപിത സർവകലാശാലയുടെ 21-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ട് സാംസ്കാരികതയും, സാമൂഹിക ആവശ്യങ്ങളും മനസ്സിലാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളെ പ്രാപ്തരാക്കണമെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി.

(HOLD FOR VOICE....)

ലിംഗസമത്വത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള സർവകലാശാലയുടെ പ്രവർത്തനങ്ങളെയും രാഷ്ട്രപതി അഭിനന്ദിച്ചു. സർവകലാശാലയിലെ പതിനൊന്ന് സ്വർണമെഡൽ ജേതാക്കളിൽ എട്ട് പേരും പെൺകുട്ടികളാണെന്നും ശ്രീമതി മുർമു പറഞ്ഞു.

*********************************************

## REV. PM- BRUNEI SINGAPORE VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണൈ, സിംഗപൂർ സന്ദർശനത്തിന് തുടക്കമായി. ഇരു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനത്തിലൂടെ സാധിക്കുമെന്ന് യാത്രയ്ക്ക് മുന്നോടിയായുള്ള പ്രസ്താവനയിൽ അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഇന്ത്യയുടെ Act East നയം, ഇന്തോ - പസഫിക് കാഴ്ചപ്പാട് എന്നിവയിലെ പ്രധാനപ്പെട്ട പങ്കാളികളാണ് ബ്രൂണൈയും, സിംഗപ്പൂരുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യ - ബ്രൂണൈ ഉഭയകക്ഷി ബന്ധത്തിൻറെ 40-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ശ്രീ മോദിയുടെ സന്ദർശനം. ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണെ സന്ദർശിക്കുന്നത്. സന്ദർശനത്തിൻറെ ഭാഗമായുള്ള കൂടിക്കാഴ്ചകളിൽ ഏറെ പ്രതീക്ഷയുണ്ടെന്നും ശ്രീ മോദി പറഞ്ഞു. ബ്രൂണെ സുൽത്താൻ ഹാജി ഹസ്സനൽ ബൊൽക്കിയ-യുമായും, രാജകുടുംബത്തിലെ മറ്റ് പ്രമുഖരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ബ്രൂണൈ സന്ദർശനം പൂർത്തിയാക്കി നാളെ സിംഗപൂരിലെത്തുന്ന പ്രധാനമന്ത്രി സിംഗപൂർ പ്രസിഡൻറ്, പ്രധാനമന്ത്രി തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തും. സിംഗപ്പൂരിലെ വ്യവസായ സമൂഹവുമായും അദ്ദേഹം സംവദിക്കും.

********************************************

## JAISHANKAR-SINGAPORE

ഇന്ത്യ-സിംഗപ്പൂർ ഉഭയകക്ഷി ബന്ധം അടുത്ത ഘട്ടത്തിലെത്താൻ സമയമായെന്ന് വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം അങ്ങേയറ്റം ദൃഢമാണെന്നും ഒരു സിംഗപ്പൂർ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സിംഗപ്പൂർ സന്ദർശനത്തിന് മുന്നോടിയായാണ് പ്രസ്താവന. ഇരു രാജ്യങ്ങൾക്കുമിടയിൽ വിശ്വസ്തതയിലും ധാരണയിലും അധിഷ്ഠിതമായ പങ്കാളിത്തമാണ് നിലനിൽക്കുന്നതെന്നും ശ്രീ ജയ്ശങ്കർ വ്യക്തമാക്കി.

********************************************

## LAW COMMISSION

23- ാ മത് നിയമ കമ്മീഷൻ രൂപീകരിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 2027 ഓഗസ്റ്റ് 31 വരെ മൂന്ന് വർഷമായിരിക്കും കമ്മീഷൻറെ കാലാവധി. ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും ഉൾപ്പെടെ നാല് പൂർണ്ണ സമയ അംഗങ്ങളും, അഞ്ച് പാർട്ട് ടൈം അംഗങ്ങളും കമ്മീഷനിൽ ഉണ്ടാകും. സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാരായിരിക്കും നിയമ കമ്മിഷനിൽ ഉണ്ടാവുക.

*********************************************

## ANVAR - KERALA CM

പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങളിൽ പി വി അൻവർ എം എൽ എ, മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുന്നു. ഉന്നയിച്ച ആരോപണങ്ങളിൽ സത്യസന്ധവും വിശദവുമായ അന്വേഷണം എം.എൽ.എ ആവശ്യപ്പെടുമെന്നാണ് സൂചന. അതേസമയം വിഷയത്തിൽ സർക്കാരിനെതിരെ പ്രതിപക്ഷ പാർട്ടികൾ വിമർശനം രൂക്ഷമാക്കി. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ നിലനിർത്തികൊണ്ടുള്ള അന്വേഷണം പ്രഖ്യാപിച്ചത് കേട്ടുകേൾവി ഇല്ലാത്ത സംഭവമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. സർക്കാരിന്റേത് കണ്ണിൽപൊടിയിടാനുള്ള ശ്രമമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പ്രതികരിച്ചു.

*********************************************

## ONAM KIT

കേരളത്തിൽ മഞ്ഞ റേഷൻ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് വിതരണം ഈ മാസം 9 ന് ആരംഭിക്കും. ഈ മാസം അഞ്ച് മുതൽ 14 വരെ നടക്കുന്ന സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ

സംസ്ഥാനതല ഉദ്ഘാടനം വെള്ളിയാഴ്ച മുഖ്യമന്ത്രി നിർവഹിക്കും.

*********************************************

**ബ്രേക്ക് ......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*********************************************

## INDIA-INNOVATION INDEX

വേൾഡ് ഇന്റലക്ച്വൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച 2023- ലെ ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സിൽ ഇന്ത്യയ്ക്ക് 40-ാം സ്ഥാനം. 132 രാജ്യങ്ങളിൽ നിന്നാണ് ഇന്ത്യ 40-ാമത് എത്തിയത്. കഴിഞ്ഞ 10 വർഷത്തിൽ ജി.ഐ.ഐ റാങ്ക് പട്ടികയിൽ ഏറ്റവും വേഗത്തിൽ മുന്നേറ്റം നടത്തിയ രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെന്ന് നീതി ആയോഗ് അറിയിച്ചു. നൂതന ആശയ രംഗത്ത് ഇന്ത്യ നടത്തുന്ന മികച്ച മുന്നേറ്റത്തിന്റെ തുടർച്ചയാണ് ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സിലെ ഈ നേട്ടം.

*********************************************

## BHUPENDER-EK PED MAA KE NAAM

'ഏക് പേട് മാ കേ നാം' പ്രചാരണ പരിപാടിയിലൂടെ ഇതുവരെ 52 കോടിയിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രി ഭൂപേന്ദർ യാദവ് അറിയിച്ചു. പ്രചാരണ പരിപാടിയിലൂടെ മറ്റൊരു നാഴികക്കല്ല് കൂടി സൃഷ്ടിക്കാനായെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. അമ്മമാരോടുള്ള ആദരസൂചകമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ലോക പരിസ്ഥിതിദിനത്തിൽ ഏക് പേട് മാ കേ നാം പ്രചാരണ പരിപാടി ആരംഭിച്ചത്.

*********************************************

## TELANGANA RAIN

തെലങ്കാനയിലെ പ്രളയ ബാധിത മേഖലകളായ ഖമ്മം, മഹബൂബാബാദ്, സൂര്യാപേട്ട് ജില്ലകളിൽ ജനജീവിതം ദുരിതത്തിൽ. ദുരന്ത പ്രതികരണ സേനയുടെ നേതൃത്വത്തിൽ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 4000-ലേറെപ്പേരെ ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്. 16 പേരാണ് മഴക്കെടുതിയിൽ ഇതുവരെ തെലങ്കാനയിൽ മരിച്ചത്. 5,400 കോടി രൂപയുടെ നാശനഷ്ടമുണ്ടായെന്നാണ് സംസ്ഥാന സർക്കാരിൻറെ പ്രാഥമിക കണക്ക്.

*********************************************

## MAHARASHTRA RAIN

മഹാരാഷ്ട്രയിലെ മറാത്വാഡ മേഖലയിൽ മഴക്കെടുതിയിൽ നാല് മരണം. 63 ഗ്രാമങ്ങളെ വെള്ളപ്പൊക്കം സാരമായി ബാധിച്ചു. 45 ഹെക്ടറോളം കൃഷിയിടങ്ങൾ വെള്ളത്തിനടിയിലാണ്. പർഭാനി, നന്ദേഡ്, ബീഡ്, ജൽനാ, ഹിംഗോലി ജില്ലകളിലാണ് കനത്ത മഴയെത്തുടർന്ന് വെള്ളപ്പൊക്കം അനുഭവപ്പെടുന്നത്.

*********************************************

## VIJAYAWADA -FLOOD

ആന്ധ്രയിലെ വെള്ളപ്പൊക്കബാധിത മേഖലകളായ NTR, ഗുണ്ടൂർ ജില്ലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 42,000 പേരെ ഇതിനകം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി.വിജയവാഡയിലെ കൃഷ്ണലങ്ക, ഇബ്രാഹിംപട്ടണം, അജിത് സിങ്ങ് നഗർ തുടങ്ങിയമേഖലയിലും രൂക്ഷമായ വെള്ളപ്പൊക്കം അനുഭവപ്പെടുന്നുണ്ട്. വിജയവാഡയെയും, ഹൈദരാബാദിനെയും ബന്ധിപ്പിക്കുന്ന ദേശീയപാത 16 ലും, വിജയവാഡ-ഖാസിംപേട്ട് റെയിൽവേ സെക്ഷനിലും ഗതാഗതം പുനഃസ്ഥാപിച്ചു. പ്രകാശം

ബാരേജിലേക്കുള്ള നീരൊഴുക്ക് കുറയുന്നതിനാൽ സ്ഥിതിഗതികൾ വൈകാതെ മെച്ചപ്പെടുമെന്നാണ് അധികൃതരുടെ വിലയിരുത്തൽ.

****************************************************

## COAST GUARD HELICOPTER

ഗുജറാത്തിൽ കടലിൽ പതിച്ച കോസ്റ്റ് ഗാർഡ് ഹെലികോപ്റ്ററിലുണ്ടായിരുന്ന ഒരു ജീവനക്കാരനെ കണ്ടെത്തി. മറ്റുള്ള മൂന്ന് പേർക്കായി തിരച്ചിൽ തുടരുകയാണ്. ഇന്നലെ രാത്രിയാണ് പോർബന്തർ തീരത്തിന് സമീപം ഹെലികോപ്റ്റർ കടലിൽ പതിച്ചത്. ഹരിലീല ടാങ്കർ കപ്പലിൽ നിന്നും, പരുക്കേറ്റ ജീവനക്കാരനെ രക്ഷപ്പെടുത്താൻ പോയ ഹെലികോപ്റ്ററാണ് അപകടത്തിൽപ്പെട്ടത്. നാല് കപ്പലുകളും, രണ്ട് വിമാനങ്ങളും മേഖലയിൽ രക്ഷാപ്രവർത്തനം തുടരുകയാണ്.

****************************************************

## PARIS PARALYMPICS

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യയ്ക്ക് ഒരു വെങ്കല മെഡൽ കൂടി. വനിത സിംഗിൾസ് ബാഡ്മിന്റൺ SH6 ഇനത്തിൽ ഇന്ത്യയുടെ നിത്യ ശ്രീ ശിവനാണ് ഇന്തോനേഷ്യൻ താരത്തെ പരാജയപ്പെടുത്തി വെങ്കല മെഡൽ നേടിയത്. മെഡൽ നേട്ടത്തിൽ നിത്യ ശ്രീ ശിവനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പാരാലിമ്പിക്സ് ഷൂട്ടിങ്ങിൽ ഇന്ന് രണ്ടാം സ്വർണത്തിനായി അവനി ലെഖാര മത്സരിക്കും. ഇതേ ഇനത്തിൽ ഇന്ത്യയുടെ മോന അഗർവാളും മത്സരരംഗത്തുണ്ട്. പുരുഷ ഹൈ ജമ്പിൽ T- 63 ഇനത്തിൽ മാരിയപ്പൻ തങ്കവേലുവും ശൈലേഷ് കുമാറും ശരദ് കുമാറും ഇന്ന് കളത്തിലിറങ്ങും. വനിതകളുടെ ഷോട്ട്പുട്ടിൽ എഫ്-34 ഫൈനലിൽ ഭാഗ്യശ്രീ ജാദവും ഇന്ത്യക്കായി മാറ്റുരയ്ക്കും. നിലവിൽ മെഡൽ പട്ടികയിൽ മൂന്ന് സ്വർണം ഉൾപ്പെടെ, 15 മെഡലുകളുമായി ഇന്ത്യ 15-ാം സ്ഥാനത്താണ്.

**************************************************

## US OPEN – BOPANNA

യു.എസ് ഓപ്പൺ ടെന്നിസ് മിക്സഡ് ഡബിൾസിൽ രോഹൻ ബൊപ്പണ്ണ- അൽദില സുജ്യാദി സഖ്യം സെമിഫൈനലിൽ കടന്നു. മാത്യു എബ്ഡൻ - ബാർബോറ ക്രെജികോവ സഖ്യത്തെയാണ് ഇന്ത്യ - ഇന്തോനേഷ്യൻ സഖ്യം ക്വാർട്ടറിൽ പരാജയപ്പെടുത്തിയത്. അമേരിക്കൻ സഖ്യമാണ് സെമിയിലെ എതിരാളികൾ.

**************************************************

## ISRAEL – BENJAMIN NETANYAHU

ഗാസ-ഈജിപ്ത് അതിർത്തിയിലെ ഫിലാഡൽഫി ഇടനാഴിയിൽ ഇസ്രായേൽ പ്രതിരോധ സേനയെ വിന്യസിച്ചത് തന്ത്രപരമായ നീക്കമാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു . ഇസ്രായേലിന് യുദ്ധലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇത് അനിവാര്യമാണെന്നും നെതന്യാഹു വ്യക്തമാക്കി. ഗാസ മുനമ്പിൽ ആറ് ബന്ദികളെ കഴിഞ്ഞയാഴ്ച കൊലപ്പെടുത്തിയതിന് ഹമാസ് കനത്ത വില നൽകേണ്ടിവരുമെന്നും നെതന്യാഹു മുന്നറിയിപ്പ് നൽകി. അതേസമയം ഹമാസുമായി വെടിനിർത്തൽ കരാറിലെത്തണമെന്നും, ബന്ദികളുടെ മോചനം ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് നെതന്യാഹുവിനെതിരെ ഇസ്രയേലിൽ ജനകീയ പ്രതിഷേധം തുടരുകയാണ്.

**************************************************

**SL-ELECTIONS**

ശ്രീലങ്കയിൽ പ്രസിഡൻറ് തിരഞ്ഞെടുപ്പിലെ പോസ്റ്റൽ വോട്ട് രേഖപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. 38 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ആദ്യഘട്ടം പോസ്റ്റൽ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കും. ഈ മാസം 21- നാണ് പ്രസിഡൻറ് തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ്.

*********************************************

*********************************************

*********************************************